(ബി) അപേക്ഷകൾ തീർപ്പാക്കിയിട്ടില്ലെങ്കിൽ ആയതിനുള്ള കാരണം വ്യക്തമാക്കാമോ?

നിലവിൽ 218 അപേക്ഷകൾ തീർപ്പാക്കാനുണ്ട്. കെ.എസ്.ആർ.ടി.സി.-യുടെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ടുള്ള സുശീൽഖന്ന റിപ്പോർട്ടിലെ ശിപാർശകൾ നടപ്പാക്കുന്നതിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സി.-യിലെ ജീവനക്കാരുടെ എണ്ണം ദേശീയ ശരാശരിക്ക് തുല്യമാക്കുന്നതിന് നടന്നുവരുന്ന നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് ആശ്രിത നിയമന അപേക്ഷകൾ പരിഗണിക്കുന്നതാണ്.

വടക്കാഞ്ചേരി കെ.എസ്.ആർ.ടി.സി. സബ് ഡിപ്പോ, ഡിപ്പോ ആയി ഉയർത്തുന്നതിന് നടപടി

245(1230) ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ മണ്ഡലത്തിലെ വടക്കാഞ്ചേരി കെ.എസ്.ആർ.ടി.സി. സബ് ഡിപ്പോ, ഡിപ്പോ ആയി ഉയർത്താനും ജില്ലാതല വർക്ക്ഷോപ്പ് ആരംഭിക്കാനുമുള്ള നടപടിക്രമങ്ങളുടെ പുരോഗതി അറിയിക്കാമോ?

നിലവിൽ വടക്കാഞ്ചേരിയിൽ ഓപ്പറേറ്റിംഗ് സെന്ററാണ് പ്രവർത്തിച്ചു വരുന്നത്. കോർപ്പറേഷന്റെ ഇപ്പോഴത്തെ സാമ്പത്തിക പ്രതിസന്ധി മെച്ചപ്പെടുന്ന മുറയ്ക്ക് സബ് ഡിപ്പോ/ഡിപ്പോ ആയി ഉയർത്തുന്നത് പരിഗണിയ്ക്കും. കെ.എസ്.ആർ.ടി.സി. വടക്കാഞ്ചേരി ഡിപ്പോയിൽ ജില്ലാ വർക്ക്ഷോപ്പ് നിർമ്മിക്കുന്ന പ്രവൃത്തിക്കായി കെ.എസ്.ആർ.ടി.സി.-യുടെ Project Management Consultant ആയ M/s. HLL Lifecare Ltd. സമർപ്പിച്ച 4,71,02,000 രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിച്ച് 6-5-2021-ൽ പ്രവൃത്തിക്കായി ഭരണാനുമതി നൽകിയിട്ടുണ്ട്. തൃശ്ശൂർ മണ്ഡലത്തിലെ വടക്കാഞ്ചേരി കെ.എസ്.ആർ.ടി.സി., ജില്ലാതല വർക്ക് ഷോപ്പ് പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ട്. നിർമ്മാണ പ്രവർത്തനം പൂർത്തിയാകുന്ന മുറയ്ക്ക് പ്രവർത്തനം ആരംഭിക്കുന്നതാണ്.

(ബി) ടി പദ്ധതിയുടെ പ്രവർത്തനം എന്ന് ആരംഭിക്കാൻ സാധിക്കുമെന്ന് അറിയിക്കാമോ?

വർക്ക്ഷോപ്പ് നിർമ്മാണവുമായി ബന്ധപ്പെട്ട ടെണ്ടർ നടപടികൾ നടന്നുകൊണ്ടിരിക്കുന്നു. ടെണ്ടർ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് നിർമ്മാണ പ്രവൃത്തി ആരംഭിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly